(സി) അമിത ചാർജ് സംബന്ധിച്ച പരാതികൾക്കായി ഹെൽപ് ലൈൻ നമ്പർ നഗരങ്ങളിലും ഗ്രാമങ്ങളിലും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മെഡിക്കൽകോളേജ്, ജനറൽ ആശുപത്രി, സിവിൽസ്റ്റേഷൻ തുടങ്ങിയ പൊതുജന സേവന കേന്ദ്രങ്ങളിൽ പ്രീപെയ്ഡ് ഓട്ടോ ടാക്സി സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റക്കാരെന്ന് കാണുന്നവർക്ക് എതിരെ പിഴശിക്ഷ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പ്രീ-പെയ്ഡ് ഓട്ടോ ടാക്സി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഗതാഗത വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസ്

210(5799) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്തുവാൻ അനുവദിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം ഉണ്ടാകുമോ ; എങ്കിൽ പ്രതിദിന ശരാശരി നഷ്ടത്തിന്റെ കണക്ക് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ദീർഘദൂര ബസ് സർവ്വീസുകൾ നടത്താനുള്ള നിയമപരമായ അർഹത നിക്ഷിതപമായിട്ടുള്ളത് ആരിലാണ് ;

(സി) സ്വകാര്യ ഓപ്പറേറ്റർമാരിൽ നിന്നും കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത റൂട്ടുകൾ ഭൂരിഭാഗവും ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നത് ;

(ഡി) ഇത്തരം റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസുകൾ വീണ്ടും ആരംഭിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന ശരാശരി നഷ്ടം എത്രയായിരിക്കും ?

ഉത്തരം

(എ) നിലവിൽ ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പ്രാബല്യത്തിലുള്ള സ്കീം പ്രകാരം കെ.എസ്.ആർ.ടി.സി.-യിലാണ്.

(സി) കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തതും കെ.എസ്.ആർ.ടി.സി. മാത്രമായി ഓടുന്നതുമായ റൂട്ടുകൾ ലാഭകരമായാണ് പ്രവർത്തിക്കുന്നത്.

(ഡി) കണക്കാക്കിയിട്ടില്ല.

നെയ്യാറ്റിൻകര ഡിപ്പോയിലെ മൂത്രപ്പുര നിർമ്മാണം

211(5800) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നെയ്യാറ്റിൻകര ഡിപ്പോയിൽ യോഗ്യമല്ലാത്തരത്തിലും അശാസ്ത്രീയമായ രീതിയിലും മൂത്രപ്പുരകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അപാകം പരിഹരിക്കുന്നതിനും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ?

ഉത്തരം

(എ&ബി) യോഗ്യമല്ലാത്ത രീതിയിലോ അശാസ്ത്രീയമായ രീതിയിലോ മൂത്രപ്പുരകൾ നിർമ്മിച്ചിട്ടില്ല.

ബ്ലാക്ക്സ്മിത്ത് തസ്തിക നിയമനം

212(5801) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്ക് അവസാനമായി എന്നാണ് പി.എസ്.സി. വഴി വിജ്ഞാപനം നടത്തിയിട്ടുള്ളത് ; എത്ര ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത് ;

(ബി) ബ്ലാക്ക്സ്മിത്ത് തസ്തികയ്ക്കായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ; എങ്കിൽ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നറിയുമോ ; ഇപ്പോൾ എത്ര ഒഴിവുകളാണ് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഇതുവരേയും ആരേയും നിയമനത്തിനായി ശിപാർശ ചെയ്തിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തികയിലെ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly